Reg. No.: ..............................

Name : ..................................

K15U 0277

**III Semester B.A./B.Sc. Degree (CCSS – 2014 Admn. – Regular) Examination, November 2015**
**COMMON COURSE IN MALAYALAM**
**3A09 MAL : മലയാള കവിത**

Malayala Kavitha

Time : 3 Hours

Max. Marks : 40

I. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ **രണ്ടെണ്ണത്തിന്** **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) കേരളീയ പ്രകൃതിയും കേരളത്തിന്റെ നാടോടി സംസ്കൃതിയും ഇതിഹാസ പുരാണ കഥകളുടെ ആവിഷ്കാരത്തിൽ നമ്പ്യാരെ ഏറെ സ്വാധീനിച്ചിട്ടുണ്ട് – ചർച്ച ചെയ്യുക.

2) ജീവിതത്തിന്റെ ആനുഷംഗികതയും ഭോഗങ്ങളുടെ അർത്ഥരാഹിത്യവും വെളിവാക്കുന്ന ജീവിതബോധമാണ് എഴുത്തച്ഛൻ അവതരിപ്പിക്കുന്നത് – ലക്ഷ്മണോപദേശം എന്ന പാഠഭാഗത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

3) പ്രകൃത്യുപാസകനാണ് പി. കുഞ്ഞിരാമൻ നായർ – 'സൗന്ദര്യപൂജയെ' അടിസ്ഥാനമാക്കി വിശദീകരിക്കുക.

4) 'ദേവാസുരം' എന്ന കവിതക്ക് ഒരാസ്വാദനം തയ്യാറാക്കുക.

II. **നൂറ്റൻപതു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5) ''കഷ്മീ ബ്രഹ്മജ്ഞൻ തൻ സമദൃഗ്ജ്യോതിസ്സിലും –
തട്ടിയോ, തവ നിഴൽ പാണ്ഡിത്യക്കെടുഗർവ്വേ!'' – വിശദീകരിക്കുക.

6) ''വന്മദമായൊരു കന്മഷം പൂണ്ടുനി –
ന്നെന്മനമെങ്ങുമേ മങ്ങുകയാൽ
നിമ്പാദമെങ്ങുമേ കാണാഞ്ഞുനിന്നിട്ടു
വമ്പുതുടങ്ങിനേൻ തമ്പുരാനേ!'' – ആരുടെ വാക്കുകൾ ? വിശദീകരിക്കുക.

P.T.O.

7) ''പരതന്ത്രതയോർത്തു – കണ്ണുനീ
രരിയോരുണ്ണികൾതന്നെ നോക്കി നീ
ചൊരിയായ്ക, മൃഗേന്ദ്രവല്ലഭേ
വരുമാപത്തുകളാർക്കുമൂഴിയിൽ.'' – സന്ദർഭമെഴുതി ആശയം വിശദീകരിക്കുക.

8) 'ഒടിച്ചുമടക്കിയ ആകാശം' എന്ന കവിതയെക്കുറിച്ച് പഠനക്കുറിപ്പ് എഴുതുക.

9) ''അടുത്തുനിൽപ്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ –
ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം ?'' – ദർശനമെഴുതി ചർച്ച ചെയ്യുക.

10) 'അമ്മയും മകനും തുഞ്ചനും' എന്ന കവിതയെ ആസ്പദമാക്കി എൻ. വി. കൃഷ്ണ വാര്യരുടെ രചനാരീതി വിശദീകരിക്കുക.

III. നൂറ് വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11) ''ഗോവർദ്ധനത്തോടു യാചിച്ചു നില്പിന –
ഞാപത്തു പോക്കുവാൻ നിങ്ങളെല്ലാം.'' – സന്ദർഭമെഴുതുക.

12) ''നിർന്നിമേഷാക്ഷനായ് നിൽപ്പതഹോ ഞാനിഭം
നിൻ നർത്തനം എന്തത്ഭുത മന്ത്രവാദം'' – കവിയുടെ ഭാഷാപ്രയോഗഭംഗി വിവരിക്കുക.

13) 'മുറ്റമടിക്കുമ്പോൾ' എന്ന കവിതയ്ക്ക് ഒരു സ്ത്രീപക്ഷപഠനം തയ്യാറാക്കുക.

14) ''പാമ്പിനുപാലുകൊടുത്തെന്നാകിൽ
കമ്പിരിയേറിവരാറേയുള്ളൂ
പരമാർത്ഥത്തെവിചാരിക്കാതെ
പരിഹാസത്തെ നടത്തീടരുത്.'' – സന്ദർഭം വിശദീകരിക്കുക.

15) ''കാലാഹിനാ പരിഗ്രസ്ഥമാം ലോകവു –
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു'' – തത്വചിന്ത വിശദീകരിക്കുക.

16) ''വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം'' – വ്യാഖ്യാനിക്കുക.

IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. **(6×1=6)**

17) ''അബ്ഭാഷാകവിയുടെ സങ്കടം തീർക്കുകി; – നീ
തൽ പ്രീതിയല്ലാതില്ലാ മരുന്നീ രോഗം മാറാൻ'' – ഭാഷാ കവിയാര് ?

18) ''തവതലമുടിയിൽ നിന്നൊരു നാരുപോരും
തരികെന്നെത്തഴുകട്ടെ പെരുമയും പേരും'' – ഏത് കവിതയിലെ വരികൾ ?

19) 'ആശയഗംഭീരൻ' എന്നറിയപ്പെട്ടിരുന്ന കവിത്രയ കവി ?

20) 'മലയാളത്തിലെ ഓർഫ്യൂസ്' എന്നറിയപ്പെടുന്ന കവിയാര് ?

21) 'നിത്യകന്യകയെത്തേടി' ഏത് കവിയുടെ അനുഭവകഥനമാണ് ?

22) 'കൊച്ചുതൊമ്മൻ' – ആരുടെ കവിതയാണ് ?

23) 'തച്ചന്റെ മകൾ' ആരുടെ രചനയാണ് ?

24) 'കുമാരനാശാൻ' മരണമടഞ്ഞത് ______________ നദിയിലുണ്ടായ ബോട്ടപകടത്തിലാണ്.

______________